# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 963 — 30/11/2018-ലെ മറുപടി

## ഡ്രിപ്പ് പദ്ധതി വഴി ഡാമുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പഴയ ഡാമുകളുടെ നവീകരണം അടക്കമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ നടപ്പിലാക്കുന്നതിന് ഡ്രിപ്പ് പദ്ധതി വഴി തുക ലഭ്യമാക്കിയിട്ടുണ്ടോ ; | എ | ഉ ണ്ട് |
| ബി) ഏത് ഏജൻസിയെ ആണ് ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനം ഏല്പിച്ചിട്ടുള്ളത് ; | ബി | കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ പദ്ധതിയുടെ നിർവ്വഹണം സംസ്ഥാന ജലസേചന വകുപ്പ് നടത്തി വരുന്നു. |
| സി) സംസ്ഥാനത്തെ എത്ര അണക്കെട്ടുകളിൽ ഈ പദ്ധതി പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും അതിൽ എത്ര അണക്കെട്ടുകളിൽ പദ്ധതി പൂർത്തിയാക്കിയെന്നും അറിയിക്കുമോ ; | സി | ഡ്രിപ്പ് പദ്ധതിയിൽ 16 അംക്കെട്ടുക ളിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പാക്കേജുകളാ ക്കി നവീകരണം നടത്തിവരു ന്നു. ഇതിൽ മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി അണക്കെട്ടുകളിൽ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) പദ്ധതി പൂർത്തീകരിച്ചു. വാഴാനി, മീൻകര അണക്കെട്ടുകളിൽ സിവിൽ, മെക്കാനിക്കൽ പാക്കേജുകളും പൂർത്തീകരിച്ചു. പഴശ്ശി, ചിമ്മിനി, പെരിയാർ വാലി ഇറിഗേഷൻ പ്രോജക്റ്റ് (പി.വി.ഐ.പി), നെയ്യാർ, പീച്ചി, കുറ്റിയാടി എന്നീ അണക്കെട്ടുകളിൽ മെക്കാനിക്കൽ പാക്കേജ് പൂർത്തീകരിച്ചു. |

മലങ്കര അണക്കെട്ടിന്റെ സിവിലും ഇലക്ട്രിക്കൽ പാക്കേജുകളും പൂർത്തീകരിച്ചു. പിവിഐപി-ൽ സിവിൽ ബാരേജ് പാക്കേജ് പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2020 ജൂൺ വരെയാണ് പദ്ധതിയുടെ കാലാവധി. ബാക്കി അണക്കെട്ടുകൾ ഡ്രിപ്പ് പദ്ധതിയുടെ ഫേസ് 2 - ൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ഡി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ ശേഷി അനുസരിച്ചുള്ള ദുരന്ത സാധ്യതാ പ്രദേശങ്ങളുടെ മാപ്പിംഗ്, എമർജൻസി ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ? | ഡി 12 ഡാമുകളുടെ inundation മാപ്പുകൾ കേന്ദ്രജല കമ്മീഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇവ അനുസരിച്ചുള്ള എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും കേന്ദ്രജല കമ്മീഷന് നൽകുകയും ചെയ്തു. കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശം അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുന്നതിനായുള്ള നടപടികൾ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ